# അക്കാദമിക്ക് മാസ്റ്റർപ്ലാൻ

# 2025-26

## സ്കൂളിന്റെ ചരിത്രപശ്ചാത്തലം

മഹാനായ മനുഷ്യസ്നേഹിയും വിദ്യാഭ്യാസ വിചക്ഷണനുമായ മാർ ഈവാനിയോസ് തിരുമേനിയാൽ സ്ഥാപിതമാണ് ബഥനി സന്യാസിനീ സമൂഹം. സ്ത്രീജനങ്ങൾക്ക് കൊടുക്കുന്ന വിദ്യാഭ്യാസം സമൂഹത്തിനും തലമുറകൾക്കും ഒരു മുതൽക്കൂട്ടാണെന്നും അതുവഴി കുടുംബത്തിന്റെയും സമൂഹത്തിന്റെയും ദേശത്തിന്റെയും രാഷ്ട്രത്തിന്റെയും സാംസ്കാരിക ബൗദ്ധിക വികാസങ്ങൾ സാധിക്കാമെന്നും മനസിലാക്കിയ മാർ ഈവാനിയോസ് പിതാവ് സ്ത്രീ വിദ്യഭ്യാസത്തിന് പ്രത്യേക പ്രാധാന്യം നല്കി അനേകം പെൺപള്ളിക്കൂടങ്ങൾ സ്ഥാപിച്ചു. മാർ ഈവാനിയോസ് പിതാവിന്റെ ദർശനവും ആഗ്രഹവും അനുസരിച്ച് ബഥനി സന്യാസിനീ സമൂഹം സമാരംഭിച്ചതാണ് സെന്റ് ഗൊരേറ്റീസ് സ്കൂൾ.

ചാരിത്ര്യ സംരക്ഷണത്തിനായി രക്ത സാക്ഷിത്വം വരിച്ച വിശുദ്ധ മരിയ ഗൊരേറ്റിയുടെ പാവനവും ധീരോദാത്തവും ആയ ജീവിതം കുട്ടികൾക്ക് മാതൃകയായിത്തീരണമെന്നുള്ള ലക്ഷ്യത്തോടെ, മാർ ഈവാനിയോസ് കോളേജിന്റെ മുൻ പ്രിൻസിപ്പാൾ

വെരി. റവ. ഫാ. ഗീവർഗീസ് പണിക്കരുടെ അഭിപ്രായ പ്രകാരം സ്കൂളിന് സെന്റ് ഗൊരേറ്റീസ് സ്കൂൾ എന്ന് നാമകരണം ചെയ്തു.

## വളർച്ചയും വികാസവും

1960 ലാണ് എൽ.പി. വിഭാഗം ആരംഭിക്കുന്നത്. Sr. Hadusa SIC ആയിരുന്നു ആദ്യത്തെ പ്രധാനാധ്യാപിക. ഇതൊരു Mixed School ആണ്. ഈ സ്കൂളിലെ പ്രഥമ വിദ്യാർത്ഥിനി ശ്രീമതി ദാനമ്മയും പ്രഥമ വിദ്യാർത്ഥി സഹോദരനായ സത്യനേശൻ വിക്ടറും ആണ്. ആദ്യകുട്ടിയുടെ പേര് രജിസ്റ്ററിൽ എഴുതിച്ചേർത്തത് അഭിവന്ദ്യ മാർ ഗ്രീഗോറിയോസ് പിതാവാണ്.

1960 - ൽ പ്രൈമറി വിഭാഗത്തിനും 1961 - ൽ നഴ്സറി വിഭാഗത്തിനും അനുമതി യായി. 1961-ൽ ഇപ്പോഴത്തെ ഹൈസ്കൂൾ കെട്ടിടം പൂർത്തിയായി. 1964 - ൽ ഹൈസ്കൂൾ ആയി ഉയർത്തി. അന്ന് മുഖ്യമന്ത്രി ആയിരുന്ന ശ്രീ. പട്ടം താണുപിള്ള യാണ് ഹൈസ്കൂൾ ഉദ്ഘാടനം നിർവഹിച്ചത്. 2002 - ൽ ഗവ. അംഗീകാരമുള്ള അൺ എയ്ഡ് ഹയർസെക്കൻഡറി വിഭാഗം അനുവദിക്കപ്പെട്ടു.

## സ്കൂളിൽ പഠിച്ച മഹാന്മാരുടെ പേരും ലഘുവിവരണവും

ഇന്ത്യയ്ക്ക് അകത്തും പുറത്തുമായി ഉന്നത സ്ഥാനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന പൂർവ വിദ്യാർത്ഥികൾ ഈ സ്കൂളിന്റെ അഭിമാന ഭാജനങ്ങളത്രേ. ശ്രീ. അലക്സാണ്ടർ ജേക്കബ് IPS, ശ്രീ. ജയകുമാർ IAS, തിരുവനന്തപുരം മെഡിക്കൽ കോളേജ് മുൻ പ്രൊഫസർ ഡോ. ജോയി ഫിലിപ്പ്, സുപ്രസിദ്ധ സിനിമാസീരിയൽ താരം മഞ്ജു എസ്. പിള്ള എന്നിവർ ഈ സ്കൂളിലെ പൂർവ വിദ്യാർത്ഥികളാണെന്ന് ഞങ്ങൾ അഭിമാന പൂർവം അറിയിക്കട്ടെ.

### അടിസ്ഥാന വിവരങ്ങൾ

വിദ്യാഭ്യാസനയത്തിലെ കാലാനുസൃതമായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ട് സ്കൂളിലെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നു.

ഇപ്പോൾ 1 മുതൽ 4 വരെ ക്ലാസ്സുകളിൽ 17 ഡിവിഷനുകളിലായി 560 കുട്ടികൾ അധ്യയനം നടത്തുന്നു. സേവന തത്പരതയും അർപ്പണ മനോഭാവമുള്ള 18 അധ്യാപകർ ഇവിടെ സേവനം ചെയ്യുന്നു. ഇപ്പോഴത്തെ പ്രഥമാധ്യാപിക ഹെഡ് മിസ്ട്രസ്. സിസ്റ്റർ റോസില ആണ്.

# പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാകുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും

- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.

- ശുചിത്വ ആരോഗ്യ പരിപാലനത്തിൽ കുടുതൽ ശ്രദ്ധാലുക്കളൊക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കും.

- വ്യക്തിത്വവികാസത്തിൽ ഊന്നൽ നൽകിയുള്ള വിദ്യാഭ്യാസത്തിലുടെ നല്ല പൗരന്മാരായി ജീവിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കും

## സ്കുളിന്റെ ഫീഡിംഗ് ഏരിയ

- നാലാഞ്ചിറ
- മണ്ണന്തല
- പൗഡിക്കോണം
- കേരളാദിത്യപുരം
- വട്ടപ്പാറ
- വെമ്പായം
- വേറ്റിനാട്
- കന്യാകുളങ്ങര
- ചെന്തിപ്പൂര്
- പരുത്തിപ്പാറ
- പാറോട്ടുകോണം
- ഇടവക്കോട്
- ശ്രീകാര്യം

പേരൂർക്കട

പട്ടം

പേട്ട

കുടപ്പനക്കുന്ന്
അഞ്ചുമുക്ക്

## ഫീഡിംഗ് സ്കൂൾ

സെന്റ് ഗൊരേറ്റീസ് നേഴ്സറി സ്കൂൾ
ചെറുപുഷ്പം ക്രഷ്

## മറ്റുമികവുകൾ

## എൽ. എസ്. എസ്. സ്കോളർഷിപ്പ് പരീക്ഷ

കഴിഞ്ഞ വർഷം വിദ്യാഭ്യാസ വകുപ്പ് നടത്തിയ എൽ. എസ്. എസ്. സ്കോളർഷിപ്പ് പരീക്ഷയിൽ ഈ സ്കൂളിലെ 16 കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിച്ചു.

## വിദ്യാരംഗം

വിദ്യാരംഗം കലാ സാഹിത്യ സമിതി നമ്മുടെ സ്കൂളിൽ നന്നായി പ്രവർത്തിച്ചു വരുന്നു..

## ഗാന്ധിദർശൻ ക്ലബ്ബ്

ഗാന്ധി ദർശൻ ക്ലബ് നമ്മുടെ സ്കൂളിൽ സജീവമായി പ്രവർത്തിച്ചു വരുന്നു

# സെന്റ് ഗൊരേറ്റീസ് എൽ. പി. സ്കൂൾ
# നാലാഞ്ചിറ

## അക്കാദമിക്ക് മാസ്റ്റർപ്ലാൻ മാർഗരേഖ

### ആമുഖം

പൊതു വിദ്യാലയങ്ങളിലെ പഠന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി പൊതുവിദ്യാഭ്യാസവകുപ്പ് ആവിഷ്കരിച്ച സ്കൂൾ വികസന പദ്ധതിയിലെ അക്കാദമിക പ്രവർത്തനങ്ങൾ മാത്രം കണ്ടെത്തി അതിൽ നൂതന പഠനപ്രവർത്തനങ്ങൾ ആവിഷ്കരിച്ചു. എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനായി സ്കൂൾ തലത്തിൽ SRG, PTA executive കുടി രുപം കൊടുത്ത പ്രവർത്തന രേഖ ചുവടെ ചേർക്കുന്നു.

മേഖല. അക്കാദമികം

ഉപമേഖല : മലയാളഭാഷ

മേഖല : അക്കാദമികം

ഉപമേഖല : മലയാളഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | നിർവഹണചുമതല | സാമ്പത്തിക വിശകലനം | റിമാർക്സ് |
|---|---|---|---|---|---|
| മലയാളഭാഷാ<br>- എഴുത്തും വായനയും അനായാസമായി കൈകാര്യം ചെയ്യുന്നതിന് | - ചിത്രവായന(1&2)<br>-അക്ഷരപ്പാട്ടുകൾ (1&2)<br>-അക്ഷരകാർഡുകൾ<br>-അടയാള കാർഡുകൾ (1&2)<br>-(ചിഹ്നങ്ങൾ) ചിത്രകാർഡുകൾ നല്കി വായനാകാർഡ് നിർമ്മാണം<br>-പദകാർഡുകൾ നല്കി വാക്യനിർമ്മാണത്തിലേക്ക് (കുറിപ്പ്, ഖണ്ഡിക, വർണന, ആസ്വാദന കുറിപ്പ്, വിവരണം, കഥാപൂരണം, കവിതാപൂരണം)<br>-അക്ഷരമരം<br>-സ്കൂൾ തല പ്രദർശനം<br>-ചിത്രതല പ്രദർശനം<br><br>-നാടകം<br>-ആസ്വാദന കുറിപ്പ്<br>-മലയാളം ഫെസ്റ്റ് | ജൂൺ മുതൽ മാർച്ച് വരെ | മലയാളം ക്ലബ്, ക്ലാസ്-അധ്യാപകർ(മലയാളം) | PTA | |
| | സചിത്ര നോട്ടുബുക്ക്<br>സംയുക്ത ഡയറി<br>Inland magazine<br>കൈയെഴുത്തുമാസിക<br>ചലഞ്ച്സ് ൨൦. | | | | |

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | റിമാർക്സ് |
|---|---|---|---|---|---|
| കുട്ടികളിൽ ഗണിത അഭിരുചി വളർത്തുന്നതിന് ഗണിതപഠനം ആസ്വാദ്യകരമാക്കുന്നതിന് | - വരയ്ക്കാം, എണ്ണാം,<br>- കുസൃതികണക്കുകൾ<br>- സംഖ്യാഗാനങ്ങൾ<br>- ഗണിത പാട്ടുകൾ<br>- ഗണിതക്വിസ്<br>- പസിലുകൾ<br>- ജോമട്രിക്കൽ പാറ്റേണുകൾ<br>- ഗണിത വർക്ക് ഷോപ്പ്<br>- ഗണിത മാഗസിൻ<br>- ഗണിത ശാസ്ത്ര പ്രതിഭാപതിപ്പ്<br>- ഗണിതോത്സവം<br>-ഗണിത പ്രദർശനം<br>-മെട്രിക് മേള<br>-ഗണിത ഫെസ്റ്റ്<br>-ഗണിത മൂല നവീകരണം<br>Mega Quiz<br>Math kit<br>Puzzle making | സെപ്റ്റംബർ മുതൽ ഫെബ്രുവരി വരെ | ഗണിത ക്ലബുകൾ ഗണിത അധ്യാപകർ | PTA | |

ഉപമേഖല : English

| Aim | Activities | Period | Executive Duty | Finance | Remarks |
|---|---|---|---|---|---|
| *To enable each student to write and express ideas in English language according to the context<br>*Empower all children in the classroom to develop flawless class level disclose<br>*To write and read English easily<br>To get the concept about the content | - Picture reading<br>- Concept mapping<br>- Word card<br>- Sentence card<br>- Reading card<br>- description<br>- Conversation<br>- Rhyme<br>- Add more lines<br>- Notice, Diary<br>- Story writing<br><br>* Skit<br>* English fest<br>* Magazine<br>*Speak easy programme<br>*Drawing card workshop(containing image and lyrics)<br>*Ensure participation of parents and local experts<br>*Enabling the class library<br>*Depicting the characters in the books you read | June to March | English club<br>English Teachers | PTA | |

Speak easy
My creative world of English

ഉപമേഖല : വായനാശീലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | റിമാർക്സ് |
|---|---|---|---|---|---|
| കുട്ടികളിൽ വായനാശേഷി വർദ്ധിപ്പിക്കുന്നതിന് | - ഒരു കുട്ടി ഒരു പുസ്തകം<br>- ക്ലാസ്തല പുസ്തക പ്രദർശനം<br>- ക്ലാസ്റൂം ലൈബ്രറി വികസനം<br>- അമ്മവായന<br>- വായനാ ക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | PTA | |

ഉപമേഖല : പൊതുവിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | റിമാർക്സ് |
|---|---|---|---|---|---|
| കുട്ടികളിൽ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് | - ഒരാഴ്ചയിലെ പത്രവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു.<br>- ഉത്തരം കണ്ടെത്തൽ<br>- അടുത്ത ആഴ്ച ഉത്തരം പ്രദർശിപ്പിക്കൽ<br>-ദിനാചരണങ്ങളെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നു (വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ )<br>മഹത് വ്യക്തികളുമായുള്ള സംവാദം | | സോഷ്യൽ സയൻസ് ക്ലബ് | | |

my little scientist
leafy Album

ഉപമേഖല : സർഗാത്മകത


| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | റിമാർക്സ് |
|---|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗാത്മകശേഷി വർദ്ധിപ്പിക്കുന്നതിന് | - ബാലസഭ<br>- അസംബ്ലി<br>- ദിനാചരണങ്ങൾ<br>- കുട്ടികളെ കണ്ടെത്തൽ<br>- പരിശീലനം നല്കൽ (ടാലന്റ് ലാബ്)<br>- അവതരണം<br>നൃത്ത പരിശീലനം<br>-ഷോർട് ഫിലിം | ജൂൺ മുതൽ മാർച്ച് വരെ | ആർട്സ് ക്ലബ് | | |

ഉപമേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ആരോഗ്യ, ശുചിത്വ ശീലങ്ങൾ ഉറപ്പിക്കുന്നതിന് | - ശുചിത്വസേനാരൂപീകരണം<br>- ആഴ്ചയിലൊരിക്കൽ പരിശോധന<br>- ബോധവത്ക്കരണം | വർഷം മുഴുവനും | സയൻസ് ക്ലബ്, ഗാന്ധിദർശൻ | |

ഉപമേഖല : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിന് | - പ്രകൃതി നിരീഷണം<br>-പട്ടികപ്പെടുത്തൽ<br>- വിവരശേഖരണം<br>- ആൽബം തയ്യാറാക്കൽ<br>- ഫീൽഡ് ട്രിപ്പ്<br>- റിപ്പോർട്ട് തയ്യാറാക്കൽ<br>- ലഘുപരീക്ഷണങ്ങൾ<br>- മാഗസീൻ | ആഗസ്റ്റ് മുതൽ ഫെബ്രുവരി വരെ | സയൻസ് ക്ലബ് | PTA |


മുക്കോല
കരകുളം
കോർപ്പറേഷൻ അതിർത്തി
കുശവർക്കൽ
മുട്ടട
വട്ടിയൂർക്കാവ്
MC Road
പേരൂർക്കട
North
പരുത്തിപ്പാറ
അമ്പലമുക്ക്
St. Goretti's L.P.S

## ഉപസംഹാരം

സ്കൂളിന്റെ വികസനത്തെ മുൻ നിർത്തി ബഹു. ഹെഡ് മിസ്ട്രസ് സിസ്റ്റർ റോസിലയുടെ നേതൃത്വത്തിൽ SRG Convenor, Staff Secretary, PTA പ്രതിനിധികൾ എന്നിവർ ചേർന്ന് തയ്യാറാക്കിയ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഞങ്ങളുടെ വിദ്യാലയത്തിന്റെ സമഗ്ര ഉന്നമനം ലക്ഷ്യം വച്ചു കൊണ്ടുള്ളതാണ്. വരുന്ന മൂന്നുവർഷങ്ങളിൽ സ്കൂളിൽ നടപ്പിൽ വരുത്താനുദ്ദേശിക്കുന്ന ഈ പദ്ധതികൾ സ്കൂളിന്റെ നിലവാരം മെച്ചപ്പെടുത്താൻ വളരെയേറെ സഹായിക്കും എന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ല. ഇത്തരത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം സ്കൂളിന്റെയും കുട്ടികളുടെയും നിലവാരം ഉത്തരോത്തരം ഉയർത്തും എന്ന് പ്രതീക്ഷിക്കുന്നു.

# Academic Master Plan

മലയാളം
Class- I

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകൾ 2025-2026 അധ്യയന വർഷത്തിൽ ലക്ഷ്യമിടുന്നത്. ഒന്നാം ക്ലാസിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. പുതിയ വർഷത്തിൽ കുട്ടികൾക്ക് ഭാഷയിലും, ശാസ്ത്രത്തിലും, ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നു.

ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്ന പഠനപ്രവർത്തനങ്ങളും, ശിശു സൗഹാർദ്ദവും, രക്ഷകർത്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതുമായ പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്.

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള പ്രാപ്തി ഉള്ളവരാക്കിത്തീർക്കുക.
* കുട്ടികൾ അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകളും, വാക്യങ്ങളും നിർമ്മിക്കുക.
* ആരുടെയും സഹായമില്ലാതെ ലഘുവാക്യങ്ങൾ എഴുതുന്നു എന്ന് ഉറപ്പാക്കുക.
* കഥാപുസ്തകങ്ങൾ, കവിതകൾ എന്നിവ വായിക്കുകയും അതിലെ ആശയങ്ങൾ എല്ലാവരുമായി പങ്കിടുന്നു.
* വായനാക്കാർഡുകൾ വായിക്കുന്ന ശേഷി നേടുന്നു.
* സ്വന്തമായി ലഘുവാക്യങ്ങൾ എഴുതുന്നു.
* ചുറ്റുപാടിനെ നിരീക്ഷിക്കുകയും ചെറിയ കഥകളും, കവിതകളും സ്വന്തമായി തന്റെ ഭാവനയിൽ രൂപപ്പെടുത്തുന്നു.
* കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസവും ക്ഷേമവും ഉറപ്പാക്കുക.
* പലതരത്തിലുള്ള പതിപ്പുകൾ തയ്യാറാക്കുന്നു.
* ദൈനംദിനമുള്ള ഡയറി എഴുതുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| വായന | * കാർട്ടൂണിലൂടെ ചിത്രവായന<br>* ചിത്രങ്ങൾ കാണിച്ച് കഥ പറയാൻ വേണ്ടി പ്രോത്സാഹിപ്പിക്കുന്നു.<br>* ICT യുടെ സഹായത്തോടെ കഥകൾ കാണാനും കേൾക്കാനും അവസരം നൽകുന്നു.<br>* വായനകാർഡ് തയ്യാറാക്കൽ<br>* ചിത്രവായന<br>* ലൈബ്രറി തയ്യാറാക്കൽ | June-August | | |
| ലേഖനം | * സചിത്രബുക്ക്<br>* ചിത്രവായന നടത്തി പദങ്ങൾ എഴുതുന്നു.<br>* അക്ഷരപ്പാട്ടുകൾ പാടുകയും ആവർത്തിച്ചു വരുന്ന പദങ്ങൾ ഉറപ്പിക്കുന്നു.<br>* സംയുക്തഡയറി എഴുത്ത് | July-September | | |

| | | |
|---|---|---|
| | * വായനക്കുറി ഒരുക്കൽ<br>* ചിത്രം നൽകി അതിൽ നിന്ന് കഥ ഉണ്ടാക്കുന്നു.<br>* ആവർത്തിച്ച് വരുന്ന പദങ്ങൾ കണ്ടെത്തി വട്ടം വരയ്ക്കുന്നു. | |
| എഴുത്ത് | * ചിഹ്നങ്ങൾ ഉറപ്പിക്കൽ, ചിഹ്നങ്ങൾ ഉറപ്പിക്കാൻ വേണ്ടി കൂടുതൽ പ്രവർത്തനങ്ങൾ നൽകുന്നു.<br>* ലളിതമായ വായനക്കാർഡുകൾ വായിക്കുന്നു, എഴുതുന്നു.<br>* വായനോത്സവം നടത്തുന്നു.<br>* ആസ്വാദ്യകരമായ വായന നടത്തൽ<br>* വരികൾ കൂട്ടിച്ചേർക്കൽ<br>* മാതൃകകൾ നൽകി വരികൾ കൂട്ടിച്ചേർക്കൽ | August - December |

| | | | | |
|---|---|---|---|---|
| എഴുത്ത് | * ചെറുവിവരണങ്ങൾ കുറി സ്വന്തമായി എഴുതുന്നു.<br>* പത്രവായനയ്ക്ക് അവസരം നൽകുന്നു<br>* മാഗസിൻ നിർമ്മാണം.<br>* ചിത്രങ്ങൾ നോക്കി എഴുതുന്നു.<br>* ചെറുകഥകൾ എഴുതുന്നു.<br>* ICT സഹായത്തോടെ E-വായന നടത്തുന്നു.<br>* കൂട്ടമായി വായന നടത്തുന്നു. | September - March | | |
| | കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ എന്നിവയുടെ പ്രകാശനം<br>* കുട്ടികൾ നിർമ്മിച്ച വായനാനുഭവങ്ങൾ അവതരിപ്പിക്കുന്നവ നവമാധ്യമങ്ങളിൽ പങ്കിടുന്നു.<br>* അമ്മവായന- അമ്മയും, കുട്ടിയും വായിക്കുന്ന video പങ്കിടുന്നു.<br>* സ്വന്തമായി എഴുതിയും വായിച്ചും വായനാനുഭവം | October- March | | |

| | |
|---|---|
| * 'കഥ' വരയ്ക്കുന്ന ചിത്രങ്ങൾ തയ്യാറാക്കൽ. | |
| * കൊളാഷുകൾ തയ്യാറാക്കുന്നു. | |
| * പതിപ്പുകൾ തയ്യാറാക്കുന്നു. | December<br>March |
| * ചാർട്ടുകൾ ഉപയോഗപ്പെടുത്തുന്നു. | |
| * 'കഥ' കവിതാസമാഹാരം തയ്യാറാക്കുന്നു. | |
| * വായന കാർഡുകൾ നിർമ്മിക്കുന്നു. | |
| * പഠനോപകരണങ്ങൾ മാസികകൾ നിർമ്മിച്ച് PTA മീറ്റിംഗിൽ പ്രദർശിപ്പിക്കുന്നു. | |

21 Aswathy U.B

DATE PAGE

# ACCADEMIC MASTER PLAN MATHS

## 2025-26

## CLASS I

### ആമുഖം

ഒന്നാം ക്ലാസിൽ നിന്ന് തന്നെ ഗണിത-പ്രവർത്തനങ്ങൾ രസകരമായി കുട്ടി നേടിയെടുക്കേണ്ടതുണ്ട്. മറ്റ് വിഷയങ്ങൾക്ക് കൊടുക്കുന്ന പ്രാധാന്യം നാം ഗണിത-ത്തിനും കൊടുക്കേണ്ടതുണ്ട്. കാരണം നിത്യജീവിതത്തിൽ ഗണിതം ഒഴിച്ചുകൂടാനാവാത്ത ഘടകമാണ്. ഒന്നാം ക്ലാസിൽ ഗണിതബോധം പാട്ടിലൂടെയും കളികളിലൂടെയും നമുക്ക് വളർത്തിയെടുക്കാൻ കഴിയും. പല രീതിയിലും ഗണിതാശയങ്ങൾ കുട്ടികളിൽ ഉറപ്പിക്കാൻ കഴിയുന്ന തരത്തിൽ തന്നെയാണ് ഒന്നാം ക്ലാസിന്റെ അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

### ലക്ഷ്യങ്ങൾ

* ഒന്നുമുതൽ അഞ്ച് വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. എഴുതുന്നു.

* 5 വരെയുള്ള എണ്ണത്തെ പകുതി, തുല്യം കൂടുതൽ, കുറവ്, എന്നിങ്ങനെ വിശദീകരിക്കുന്നു.

* Five Frame ൽ ഗണിതക്രിയകൾ ചിത്രീകരിക്കുന്നു.

* പകുതിയാക്കാൻ പറ്റുന്ന സംഖ്യകളും അല്ലാത്തവയും വസ്തുക്കൾ വെച്ച് കണ്ടെത്തി വിശദീകരിക്കുന്നു.

* ഗണിതത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ശേഖരിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.

* 1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.

* ഒരക്ക സംഖ്യകൾ എണ്ണിയെടുക്കാനും എഴുതാനും വായിക്കാനും കഴിയുന്നു.

* അവരോഹണ ആരോഹണ ക്രമത്തിൽ സംഖ്യകളെ എഴുതുന്നു.

* ഒറ്റ അക്ക സംഖ്യകളുടെ സങ്കലനം, വ്യവകലനം

* സംഖ്യ പാറ്റേണുകൾ തയ്യാറാക്കുന്നു.

# പ്രവർത്തന പദ്ധതികൾ

* രണ്ടക്കസംഖ്യയും ഒരക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിതപ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.


* രണ്ട്, ഒരക്കസംഖ്യകളുടെ സങ്കലനം, വ്യവകലനം, സംഖ്യാ വ്യാഖ്യാനം, എന്നിവയിൽ എത്തിച്ചേരുന്നതിന്.

## ജൂൺ

* സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ
* സംഖ്യാകാർഡ് നിർമ്മിക്കൽ

## ജൂലൈ

* ഗണിതപഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു.
* സംഖ്യകൾക്ക് അനുസരിച്ച് ചിത്രങ്ങൾ വരച്ച് സംഖ്യ കാർഡ്



## ആഗസ്റ്റ്

* 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ

* വലിയ സംഖ്യ , ചെറിയ സംഖ്യ തിരിച്ചറിയൽ

* കൂടുതൽ , കുറവ് തിരിച്ചറിയൽ

* ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടൽ

## സെപ്റ്റംബർ

* സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ

* ഒരക്കസംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ (5+3 = 8)

* ഒരക്കസംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകളിൽ ഏർപ്പെടൽ

* ഒന്നിനോട് ഒന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും തിരിച്ചറിവിൽ സംഖ്യാ ഗാനങ്ങൾ ആലപിക്കൽ

## ഒക്ടോബർ

* ഒറ്റസംഖ്യകൾ , ഇരട്ടസംഖ്യകൾ തിരിച്ചറിയൽ

* ഒന്നിടവിട്ട സംഖ്യകൾ ഒറ്റസംഖ്യ , ഇരട്ടസംഖ്യ എന്ന തിരിച്ചറിവ് ഉണ്ടാക്കൽ

1 2 3 4 5 6 7 8 9 10

DATE

PAGE

* വലിയസംഖ്യ, ചെറിയസംഖ്യ തിരിച്ചറിയൽ പ്രവർത്തനങ്ങൾ
* ഉല്ലാസഗണിത പ്രവർത്തനങ്ങൾ

## നവംബർ

* സംഖ്യാഗാനങ്ങൾ, പാടുന്നു, ശേഖരിക്കുന്നു.
* ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കാൻ വർക്ക്ഷീറ്റുകൾ നൽകൽ
* ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിൽ സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ

10+1 = 11
10+2 = 12
10+3 = 13
10+4 = 14
10+5 = 15

## ഡിസംബർ

* സംഖ്യകൾ അവരോഹണ, ആരോഹണ ക്രമത്തിൽ എഴുതൽ
* ഗണിത ആൽബം തയ്യാറാക്കൽ
* സംഖ്യകളെ സുന്ദരിയാക്കൽ Worksheet പ്രവർത്തനങ്ങൾ

1 2 3 4

## ജനുവരി

* ഒറ്റസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ
* സങ്കലനം , വ്യവകലനം (+ , –) ചിഹ്നങ്ങൾ തിരിച്ചറിവ് നേടുന്നു.

## ഫെബ്രുവരി

* ഗണിത ആൽബം CPTA യിൽ പ്രദർശനം
* വില വിവര പട്ടിക - പ്രശ്ന വിശകലന ക്രിയ - കളിൽ ഏർപ്പെടൽ
* ഉല്ലാസഗണിത പ്രവർത്തനങ്ങൾ

## മാർച്ച്

* ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടൽ
* ഉല്ലാസഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടൽ
* ഗണിതകിറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നു.

27 Leena Kochy

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഒന്നാം ക്ലാസ്

## പരിസരപഠനം.

### ലക്ഷ്യങ്ങൾ.

* കയറുന്ന സസ്യങ്ങൾ (climbers), വള്ളിച്ചെടികൾ (creepers) എന്നിവ കണ്ടെത്തി പട്ടികപ്പെടുത്തുന്നു.

* സസ്യങ്ങൾക്ക് പൂവ്, കായ, ഇല, വേര്, തണ്ട് തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ച് കണ്ടെത്തുന്നു.

* സസ്യങ്ങൾ നിരീക്ഷിച്ച് പൂക്കൾ (മണമുള്ളവ, മണമില്ലാത്തവ), ഇലകൾ (മണമുള്ളവ, മണമില്ലാത്തവ) എന്നിവ പട്ടികപ്പെടുത്തുന്നു.

* വിവിധതരം ചെടികൾ (വൻമരങ്ങൾ, ചെറിയ ചെടികൾ, കുറ്റിച്ചെടികൾ) എന്നിവ കണ്ടെത്തി പട്ടികപ്പെടുത്തുന്നു.

* നിറം, രുചി, ആകൃതി, വലിപ്പം, മണം എന്നിവയിൽ ഫലങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു.

* പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് വളരെ ഉത്തമമാണെന്ന് മനസ്സിലാക്കുന്നു.

* പൂക്കളുടെ സാമ്യ വ്യത്യാസങ്ങൾ (നിറം, ഇതളുകളുടെ എണ്ണം, ചെറുത്, വലുത്) എന്നിവ പട്ടികപ്പെടുത്തുന്നു.

* പതിപ്പുകൾ തയ്യാറാക്കുന്നു.

* ചന്ദ്ര നിരീക്ഷണ പ്രോജക്ടുകൾ (വിദ്യാ
വൃദ്ധ് ഉലകൾ വരാനിരിക്കുന്ന ദിവസങ്ങൾ
നിരീക്ഷിച്ച് കണ്ടെത്തി നിഗമനത്തിൽ എത്തിച്ചേരൽ

<u>മൂന്നാംഘട്ടം.</u>

* പ്രകൃതി നടത്തം.
* പരിസ്ഥിതി ദിനാഘോഷ പരിപാടി സംഘടിപ്പിക്കൽ
* ICT-യിൽ പ്രകൃതി, പരിസ്ഥിതി പ്രവർത്തനങ്ങൾ സാധ്യത ശക്തി കൂട്ടൽ പരിസര പഠനത്തിൽ മുൻതൂക്കം നൽകൽ.

<u>ജൂൺ</u>

* പ്രകൃതി നടത്തം
* പ്രകൃതി നിരീക്ഷണം.
* പരിസ്ഥിതി ദിന പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കൽ ( വൃക്ഷത്തൈ നടീൽ)

<u>ജൂലൈ</u>

* ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ നിരീക്ഷിക്കാൻ, തിരിച്ചറിയൽ.
* തിരിച്ചറിഞ്ഞവ പട്ടികപ്പെടുത്താൻ.

* പ്രകൃതി നടത്തം - സസ്യങ്ങളെ നിരീക്ഷിക്കുന്നു.
ചോദ്യങ്ങൾ കണ്ടെത്തുന്നു, പറയുന്നു, എഴുതുന്നു
* സ്കൂൾ പൂന്തോട്ട നിർമ്മാണം.

ആഗസ്റ്റ്

* ചെടികളുടെ ചിത്രങ്ങൾ നോട്ട്ബുക്കിൽ ഒട്ടിക്കുന്നു.
* തിരിച്ചറിയുന്ന ചെടികൾ നിരീക്ഷിച്ച് പ്രത്യേകത പറയൽ, എഴുതൽ.

ഉദാ :- ചെമ്പരത്തി
○ പല തരം ചെമ്പരത്തി ഉണ്ട്.
○ പൂക്കൾ മരുന്നായി ഉപയോഗിക്കാം.
○ മണമില്ലാത്ത പൂവാണ്
○ കുറച്ച് ഇതളുകളുള്ള ചെമ്പരത്തിയുണ്

* സ്കൂളിലും, വീട്ടിലും അടുക്കളത്തോട്ടം, പൂന്തോട്ട നിർമ്മാണ

സെപ്റ്റംബർ

* ചുറ്റുപാടുമുള്ള ചെടികൾ നിരീക്ഷിച്ച് ഭംഗിക്ക് ഉപയോഗിക്കുന്നവ, ആഹാരയോഗ്യമായതും കണ്ടെത്തൽ
* മണമുള്ള പൂക്കൾ, മണമില്ലാത്ത പൂക്കൾ, മണമില്ലാത്ത ഇലകൾ, മണമുള്ള ഇലകൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നു, കണ്ടെത്തുന്നു, നിഗമനത്തിൽ എത്തിച്ചേരുന്നു, ശേഖരിക്കുന്നു.

* മരങ്ങൾ, ചെടികൾ വ്യത്യാസം കണ്ടെത്തുന്നു.

ഒക്ടോബർ

* ചെടികളുടെ വേര്, തണ്ട്, ഇല, പൂവ്, കായ തുടങ്ങിയ ഭാഗ[ങ്ങൾ] ഉണ്ടെന്ന് കണ്ടെത്തുന്നു, ചിത്രീകരിക്കുന്നു, വിശദമാക്കുന്നു.
* പലതരം ചെടികൾ ഉണ്ടെന്ന് കണ്ടെത്തുന്നു.

നവംബർ

* വീട്ടിൽ മാതാപിതാക്കളുടെ സഹായത്തോടെ അനുഭവങ്ങളോട നിർമ്മിച്ച് ക്ലാസ് group-ൽ share ചെയ്യുക.
* ചെടികൾ എങ്ങനെ നട്ടാൽ പുതിയ ചെടിയാകുന്നത് എന്ന് തിരിച്ചറിയൽ.
* പൂക്കളുടെ സാമ്യവ്യത്യാസങ്ങൾ കണ്ടെത്തൽ - നിറത്തിന്റെ അടിസ്ഥാനത്തിൽ

ഡിസംബർ

* ചെറിയ പൂക്കൾ/വലിയ പൂക്കൾ, ഒറ്റയായത്/കുലയായത്, മണമുള്ളത്/മണമില്ലാത്തത്, ഔഷധഗുണമുള്ളത്, രാത്രിയിൽ വിരിയുന്നവ എന്നിവ കണ്ടെത്തി പട്ടികപ്പെടുത്തുന്നു.

ജനുവരി

* ഔഷധത്തോട്ട നിർമ്മാണം.
* ആഹാരത്തിന് ആവശ്യമായി ഉപയോഗിക്കുന്ന ചെടികൾ/ അല്ലാത്തവ
* പൂക്കളുടെ ശേഖരണ പുസ്തകം തയ്യാറാക്കൽ (പൂക്കളുടെ പേര് ചുവടെ എഴുതി ചേർക്കുന്നു)

പൂക്കളുടെ നിറം അടിസ്ഥാനത്തിൽ 'എന്റെ പരിസര പഠന പുസ്തകത്തിൽ' എഴുതി ചേർക്കൽ.

* ലഘു പരീക്ഷണത്തിൽ ഏർപ്പെടൽ

ഫെബ്രുവരി

* "എന്റെ പൂക്കൾ" ആൽബം തയ്യാറാക്കൽ.
* വിത്ത് ശേഖരണം
* ഇലകളുടെയും പൂക്കളുടെയും പതിപ്പ് തയ്യാറാക്കൽ.
* ലഘു പരീക്ഷണത്തിൽ ഏർപ്പെടൽ.
* "എന്റെ പൂക്കൾ ആൽബം എക്സിബിഷനിൽ പ്രദർശനം.
* വിവിധ തരം ഇലകളുടെയും വിത്തുകളും എക്സിബിഷനിൽ പ്രദർശിപ്പിക്കുക.

മാർച്ച്

* "എന്റെ ആൽബം" – പൂക്കൾ, വിവിധ തരം ഇലകൾ, വിവിധയിനം വിത്തുകൾ എക്സിബിഷനിൽ പ്രദർശനം.

* ചുറ്റുപാടും വിവിധയിനം സസ്യങ്ങൾ, മരങ്ങൾ, പൂക്കൾ ഉണ്ടെന്നുള്ള വ്യക്തമായ ധാരണ ഉറപ്പിക്കാൻ കഴിയുന്നു.

# Academic Masterplan



# Std 2 - English

# 2025-26

Aim

- To Speak, Read and write English without any mistakes

Time

- June July, August .... February.

## June to Febeuary

- Pretest
  To develop listening skills and reading skills first
- Listening skill - Games, Action songs. Hello English activities, 2 conversations, skit stories using ICT (June, July, August)
- Speaking skills - Descriptions, growing sentences picture reading, picture description, self introduction, class assemblies activities, speech book review, quiz, riddles, self introduction School radio etc.
  (September, October, November)

Reading skills - Newspaper reading, library books reading, book review, reading breaking news, find words, collect and read past tense rhyming words, describing words etc. Text book activities. (December, Jan/Feb)

Writing skill - Make word web, picture description, word chain, sentence chain, make words & sentences, make riddles, conversations, Add more lines, develop story description, notice, diary, letter etc.

(June to ~~December~~ February)

Prepared by

Julia Philip Raj

# ക്ലാസ്തല അക്കാദമിക മാസ്റ്റർപ്ലാൻ
## 2025 – 26.

Std : 2
Sub : മലയാളം

ആമുഖം :-

പൊതുവിദ്യാഭ്യാസത്തെ ഗുണാത്മകതയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല, എന്നീ മേഖലകളിൽ കുട്ടിയുടെ ശേഷി പരിശോധിക്കാൻ ക്ലാസ്തല മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷീവികാസങ്ങൾ നൽകികൊണ്ട് ഓരോകുട്ടിയുടെയും സമഗ്രമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാവിഷയത്തിലും മികവുനേടി ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോകുട്ടിയും എല്ലാതലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

പ്രവർത്തനലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ ഓരോകുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണവായന ഉറപ്പാക്കുക.
* ക്ലാസിലെ എല്ലാകുട്ടികളുടെയും ആശയഗ്രഹണവായന ഉറപ്പാക്കുക.
* ക്ലാസിലെ കുട്ടികളുടെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാകുക.

* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുത്തു-കയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുത്തുകയും ചെയ്യുന്നു.

* ചിത്രത്തെ അടിസ്ഥാനമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

* ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാകരണം)

| Sl:No | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| 1 | * ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്) <br> * ഭാഷണത്തിന് ക്ലാസിൽ അവസ-രമൊരുക്കൽ. <br> * വായനാ സാമഗ്രികൾ നിർമിക്കൽ <br> * വായനയും എഴുത്തും വികസിപ്പി-ക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ | ജൂൺ | SRG <br> ക്ലാസ്ടീച്ചർ <br> CPTA |
| II | * ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു. <br> * ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യതയുറപ്പാക്കുന്നു. <br> * സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു. | ജൂലൈ | ക്ലാസ്ടീച്ചർ |

| | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| 3. | * ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ.<br>* രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ.<br>* വീട്ടു ലൈബ്രറി ഒരുക്കൽ<br>* ചിത്രവിവരണം<br>* വായനതലത്തിൽ നിന്നും വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു. | ആഗസ്റ്റ് | SRG<br>ക്ലാസ് ടീച്ചർ<br>C.PTA |
| 4. | * വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ.<br>* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ<br>* വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ<br>* വായിച്ച കഥാസംഭവങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ | സെപ്തംബർ | ക്ലാസ് ടീച്ചർ |
| 5. | കേട്ടതോ വായിച്ചതോ ആയ കഥകൾ; സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ<br>* വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുന്നു.<br>ഉദാ: ആന.<br>വലിയ ആന<br>കറുത്ത വലിയ ആന | ഒക്ടോബർ | SRG<br>ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| 6. | * കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മകപ്രവർത്തനങ്ങളിൽ ഏർപ്പെടുവാനുള്ള അവസരം കൊടുക്കുന്നു. | നവംബർ | Class |
| 7 | * ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു. <br> * ലേഖനപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു. | ഡിസംബർ | SRG <br> Classteacher <br> CPTA <br> SSA |
| 8. | * വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം (കവിതാപൂരണം) <br> * ലഘുവിവരണങ്ങൾ, പ്രത്യേകതകൾ. എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ | ജനുവരി | Class teacher |
| 9. | * എല്ലാമേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം ലേഖനം, എഴുത്ത്) <br> * കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മകപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ | ഫെബ്രുവരി. | |

| | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 10 | * വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ<br>* ഇൻലന്റ് മാഗസിൻ ഓരോകുട്ടിയും തയ്യാറാക്കൽ<br>* ഓരോകുട്ടിക്കും ഓരോ പതിപ്പുകൾ കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.<br>* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മ വായന, മിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ<br>* ക്ലാസ് ലൈബ്രറി; സ്കൂൾ ലൈബ്രറി ശക്തമാക്കൽ | മാർച്ച് | SRG<br>ClassTeachers<br>CPTA<br>SSA |
| | | | |

# ക്ലാസ്തല വാർഷിക ആസൂത്രണം
## 2025 - '26

---

Std : 2.

Subject : Maths.

ആമുഖം

ഗണിത പഠനവും ഗണിതാശയ രൂപീകരണവും അനുഭവവേദ്യമായി കുട്ടികൾക്ക് ലഭ്യമാകണം എന്ന് മുന്നിൽ കണ്ടുകൊണ്ടാണ് ഓരോ ഗണിത പാഠത്തിലൂടെയും മുന്നോട്ട് വന്നത്. ഓരോ പഠനനേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് പഠിക്കുന്നതിന് സഹായിക്കുന്നു ഇത്. ഗണിത പ്രവർത്തനങ്ങളിൽ താല്പര്യത്തോടെ പങ്കെടുക്കാൻ സഹായകമാകുന്നു.

പ്രവർത്തന ലക്ഷ്യങ്ങൾ

* 200 വരെയുള്ള സംഖ്യാബോധം, വ്യത്യാസം, സങ്കലനം പ്രശ്നപരിഹാരം.
* മൂന്നക്ക സംഖ്യയിൽ നിന്നുള്ള വ്യവകലനം.
* ഗണിതകിറ്റ് ഉപയോഗിച്ചുള്ള ഗണിതാശയം ഉറപ്പിക്കൽ.
* ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ഒരേ വലുപ്പമുള്ള കൂട്ടങ്ങൾ ഉണ്ടാക്കൽ.
* വലുതിലേക്കുള്ള ചെറുതിലേക്കുള്ള
* വ്യത്യസ്ത സന്ദർഭങ്ങളിൽ പ്രായോഗിക ഗണിത ശേഷികൾ പരിശീലിപ്പിക്കൽ

| 8/1⁄₆ | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| 1. | ചിത്രകാർഡ്, സ്റ്റിക് ചിത്രങ്ങൾ ജിയോബോർഡ് എന്നിവയുടെ സഹായത്താൽ ജ്യാമിതിയരൂപങ്ങളുടെ നിർമ്മാണം. | ജൂൺ | SRG, ക്ലാസ്ടീച്ചർ, CPTA |
| 2. | ഗണിത ക്ലബ്<br>കളികളിലൂടെയുള്ള ഗണിത പ്രവർത്തനം | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ |
| 3. | ഗണിത ചിന്താശേഷി വളർത്തുന്നതിന് കുസൃതി കണക്കുകളും ഗണിത പസിലുകളും | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ |
| 4 | യുക്തിചിന്തയും പ്രശ്നപരിഹരണ പാടവം<br>സംഖ്യാകാർഡ്, നമ്പർ ചാർട്ട് ഗണിത കിറ്റ് എന്നിവയുടെ സഹായത്താൽ തുല്യം, കൂടുതൽ, കുറവ് എന്നിവ കണ്ടെത്തുന്നു. | ജൂൺ - ആഗസ്റ്റ് | SRG, ക്ലാസ്.ടീച്ചർ, CPTA |
| 5. | ക്രിയ, പ്രക്രിയ വളർത്തൽ<br>ചിന്തായനായിലൂടെ സംഖ്യാദൃഢീകരണം, സംഖ്യാവ്യാഖ്യാനം പാറ്റേൺ എന്നിവ സൂചിപ്പിക്കാൻ ബീൻ ബാഗ്സ്, പോക്കറ്റ്ബോർഡ്, അബാക്സ് ഹണ്ട്രഡ് ചാർട്ട് എന്നിവ ഉപയോഗിക്കുന്നു. | ജൂൺ - മാർച്ച് | SRG, ക്ലാസ് ടീച്ചർ, SSA |

| Sl.No | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| 6 | സംഖ്യാബോധം കണ്ടെത്താൻ ഗണിത ശാസ്ത്ര നിരീക്ഷണ ടെസ്റ്റ്<br>(a) 100 നോട് 1 കൂടിയാൽ, 100 ൽ നിന്ന് 1 കുറച്ചാൽ ഇതുപോലെ ഒരു സംഖ്യയിൽ നിന്ന് 1 സംഖ്യ കൂടിയാൽ കുറച്ചാൽ | ജൂൺ - ജൂലൈ | SRG. Class teacher |
| | (b) ഒരു കൂട്ടം വസ്തുക്കളോട് അത്ര ഇനത്തിൽ വെച്ച് മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തെ തുടർച്ചയായി പറയൽ എഴുതൽ | ജൂലൈ - ഓഗസ്റ്റ് | Class Teacher |
| 7. | സ്ഥാനവില തിരിച്ചറിയൽ പ്രായോഗിക ജ്ഞാനപരിഹരണ പ്രവർത്തനങ്ങൾ<br>a) കളിനോട്ട്, പേപ്പർനോട്ട്, എന്നിവയുടെ സഹായത്താൽ കടയൊരുക്കൽ.<br>(b) നോട്ടുകളും നാണയങ്ങളും കണ്ട് തൊട്ട് തിരിച്ചറിയൽ<br>(c) സ്ഥാനവില പോക്കറ്റ്, അബാക്കസ്, അരവിന്ദ് ഗുപ്ത നമ്പർ card എന്നിവയുടെ സഹായത്തോടെ പ്രവർത്തനം | ഓഗസ്റ്റ്.<br>സെപ്തംബർ<br>ജൂൺ - മാർച്ച് | SRG<br>CPTA<br>Class Teacher.<br>SSA |
| 8. | ഗണിതം ആസ്വാദ്യമാക്കൽ<br>ഗണിതലാപനം, ഗണിത കളികൾ | ജൂൺ - മാർച്ച് ആവശ്യമായ | SSA<br>SRG<br>CPTA |

| No | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| | ചാലിക്കൾ, ഉല്ലാസ ഗണിത വെർക്ക്ഷീറ്റ്സ്, നിർമ്മാണ പ്രവർത്തനങ്ങൾ | അവസരങ്ങളിൽ | Class teacher |
| 9 | കലണ്ടർ പ്രവർത്തനങ്ങൾ<br>a) കലണ്ടറിലെ നിറങ്ങൾ തിരിച്ചറിയൽ, കലണ്ടർ സംഖ്യാ ബന്ധങ്ങൾ, കലണ്ടർ സംഖ്യകൾ താരതമ്യം ചെയ്യൽ<br>b) കലണ്ടർ പതിപ്പ് തയ്യാറാക്കൽ | | CPTA<br>Class Teacher |

Accademic Master Plan Std III — Math.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ചതുരം, വൃത്തം ത്രികോണം. രൂപങ്ങളെ തിരിച്ചറിഞ്ഞ് പേര് നല്കുന്നു. (ജ്യാമിതീയരൂപങ്ങൾ തിരിച്ചറിയുന്നു) | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച്. രൂപങ്ങൾ നിർമ്മിക്കുന്നു. Tangram pictures. | Jan-July | Trs |
| 999 വരെയുള്ള സംഖ്യകളെ വിവിധതരത്തിൽ വ്യാഖ്യാനിക്കുന്നു | സംഖ്യാചാർട്ടുകൾ നാണയങ്ങൾ, കളിനോട്ടുകൾ . | August. | Trs. Maths Club. |
| എണ്ണക്കൂട്ടിൽ സംഖ്യാബോധം ഉണ്ടാക്കുക. | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ. | Sep | Trs. കുട്ടി |
| സങ്കലനം, വ്യവകലനക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | ഗണി: കളികൾ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ (കട) Market. | Oct-Nov | Trs കുട്ടി |
| ഗുണനവസ്തുതകൾ നേടൽ (ഗണിതലളിതഗാനം കളികളിലൂടെ. | ഗണി. കളികൾ ജോടികളി. ഗുണനപട്ടിക. വെർബിങ് ഗെയിം. | Dec-Jan | Trs കുട്ടി Math Club |
| ഹരണക്രിയ കൂടെ ബന്ധപ്പെട്ട ശേഷി നേടൽ. | നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ Market. ICT ഗണിതോത്സവം. | Feb-Mar. | |

മേഖല — അക്കാദമികം
ഉപമേഖല :- ഭാഷ
ക്ലാസ് :- 3

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1. കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ ജൂലൈ | അധ്യാപകർ SMC | SMC |
| | 2. പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ജൂലൈ | അധ്യാപകർ SMC | SMC |
| | 3. ചിത്രശില്പശാല | ഡിസംബർ ജനുവരി | MPTA ക്ലബ്ബുകൾ | |
| വായനാ പരിപോഷണം | 1. പൊതുസമൂഹവുമായി ബന്ധപ്പെട്ട് പുസ്തകശേഖരണം | നവംബർ | വായനശാല SMC SRG | |
| | 2. വായനാക്കളരി | ജൂൺ 19 വായനാ വാരം | | ക്ലബ്ബ് SMC SRG |
| | 3 ആസ്വാദന - പ്രാദേശിക കവികൾ എഴുത്തുകാരുമായുള്ള സംവാദം | ജൂലൈ വായനാ ദിനങ്ങൾ | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |
| വായനാശേഷി വളർത്തൽ | 1. ക്ലാസ് വായനക്കൂട്ടം 2. ക്ലാസ് ലൈബ്രറി 3. പുസ്തക പരിചയം 4. വായനാക്കുറിപ്പ്. | വർഷം മുഴുവൻ | ക്ലാസ്ടീച്ചർ CPTA SRG MPTA | |

Accademic Master Plan EVS Std. III Shaly. Tr.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ജൈവവൈവിധ്യ ഉദ്യാനസംരക്ഷണം പരിസരത്തെ കുറിച്ച് നല്ലബോധം ഉണ്ടാക്കുക. | സസ്യങ്ങളെ തരംതിരിക്കൽ പ്രകൃതി നടത്തം (പാഠം) വിദ്യാലയത്തിലെ ഉദ്യാനം ജൈവ പാർക്ക് നിർമ്മാണം/സന്ദർശനം. | June-July | Tr | |
| പ്രകൃതിസംരക്ഷണം. ശാസ്ത്രാവബോധം വളർത്തുക. | മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്റർ ലഘുപരീക്ഷണങ്ങൾ/കുറിപ്പ്. · പ്ലക്കാർഡ് നിർമ്മാണം · വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മസേനയ്ക്ക് കൈമാറൽ. ജലസ്രോതസ്സുകൾ - സന്ദർശനം | August-Sept | Tr. ഹരിതകർമ്മ സേന. | |
| വ്യക്തിശുചിത്വം | കൈകഴുകൽ - പരിശീലനം പോസ്റ്റർ നിർമ്മാണം. ശുചിത്വസന്ദേശങ്ങൾ സൂചനാബോർഡ് സ്ഥാപനം ബോധവല്‍ക്കരണ ക്ലാസ് | Sep. Oct- | Trs കുട്ടികൾ. health-Nurse. | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും പുറത്തും.<br>ശാസ്ത്ര മാസികകൾ | Nov. Dec. | Tr<br>കുട്ടി |
| ശാസ്ത്ര പഠനം രസകരമാക്കാം. | ശാസ്ത്രവിസ്മയച്ചെപ്പ് | Jan-Mar | Tr<br>കുട്ടി |
| ശാസ്ത്രാഭിരുചിയിൽ - പ്രതിഭ. | ശാസ്ത്രജ്ഞർ<br>ശാസ്ത്ര കണ്ടുപിടിത്തം | Feb. Mar | Tr<br>കുട്ടി |

Std. 3. English Academic Master Plan 2025

| Aim | Activities | Time | Duty |
| --- | --- | --- | --- |
| To develop listening skills & reading skills | Listening skills :- Games, Action songs Conversations, stories use ICT, skit<br>Speaking skills :- Identify the naming/Action words from the picture.<br>Make simple sentences using the action word and naming words about the picture<br>Description about the picture<br>picture reading.<br>(Speech, Quiz, Riddles, Self-Introduction) school radio | June to July. | Teacher & Students |
| Reading skills | Develop the creative speaking and writing.<br>News paper reading<br>Library Books reading.<br>Find words meaning<br>Collect and read post lengs<br>Rhyming words. | Aug - Sep | Teacher & Students |

| Aim | Activities | Time | Duty | Economic Status |
|---|---|---|---|---|
| writing skills. | describing words etc<br>TB Activities<br>writing skills.<br>Make word web<br>picture description<br>word chain sentence chain<br>Add more lines<br>Make riddles.<br>Make magazines | Oct - Nov. | Tr &<br>Students | |
| Develop the creative speaking and writing<br>2) To express thoughts, feelings etc. | 1. Description.<br>2. Notice proclamation.<br>3. Thought. | Dec - Jan | Tr<br>Students | |
| | School radio, speech,<br>Reading skill | Jan - Feb. | Tr<br>Students | |
| To improve the presentation power. | Develop story<br>writing skill<br>Letter., Diary,<br>Announcement. | Jan - March | Tr<br>Students | |

# വാർഷിക മാസ്റ്റർ പ്ലാൻ 2025-2026

Standard : IV
Subject : EVS

## ആമുഖം

2025-26 അധ്യയന വർഷത്തിലെ നാലാം ക്ലാസിൽ പഠിക്കുന്ന എല്ലാ കുട്ടികളെയും ഉൾക്കൊള്ളുന്നതും ഗുണനിലവാരവും തുല്യതയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിനു വേണ്ടി തയ്യാറാക്കിയ മാർഗ്ഗരേഖ. കുട്ടികളിൽ ഉണ്ടാകാനിടയുള്ള പഠനത്തോടുള്ള അകൽച്ച മാറ്റി അവരെ കൂടുതലായി താൽപര്യത്തോടെ പഠനപ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുന്ന തരത്തിലാണ് പ്രവർത്തനങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. പ്രവർത്തനങ്ങൾ സ്വയം ഏറ്റെടുക്കുക, അവ ആസ്വാദ്യമാകുന്നതരത്തിൽ അവതരിപ്പിക്കുക പരസ്പരം വിലയിരുത്തുക പുതിയ ആശയങ്ങൾ കണ്ടെത്തുക. അവ പങ്കുവയ്ക്കുക, രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുക. എന്നീ കാര്യങ്ങൾ എല്ലാം തന്നെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ലക്ഷ്യങ്ങൾ

* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
* താൻ ജീവിക്കുന്ന സാമൂഹ്യപരിസരത്തെ സംബന്ധിച്ച ബോധ്യവും ധാരണയും രൂപപ്പെടുത്തുക.
* ദേശീയ ബോധവും ദേശാഭിമാനവും വളർത്തുക.
* ശാസ്ത്ര വിഷയങ്ങളിലും മറ്റും അഭിരുചിയും

| | |
|---|---|
| **പാഠം - 3 ചിറകുള്ള കൂട്ടുകാർ**<br>* പക്ഷി നിരീക്ഷണം, നിരീക്ഷണക്കുറിപ്പ്<br>* വിവിധ പക്ഷികൾ, വാസസ്ഥലം ആഹാരം പരിചയപ്പെടുത്തുക.<br>* പക്ഷി നിരീക്ഷകൻ സലീം അലി<br>* പ്രധാന പക്ഷി സങ്കേതങ്ങൾ പരിചയപ്പെടുത്താൻ.<br>* തൂവൽ ശേഖരണം, പക്ഷി ആൽബം<br>* പരിസ്ഥിതിയും - പക്ഷികളും - നാടകം | ആഗസ്റ്റ് - സെപ്റ്റംബർ |
| **പാഠം - 4 കലാകേരളം**<br>* കേരളത്തിലെ വിവിധ കലാരൂപങ്ങൾ<br>* വിവരണം, ആൽബം<br>* നൃത്തം, സംഗീതം, നാടൻ കലാരൂപങ്ങൾ തരംതിരിക്കൽ.<br>* കേരളത്തിലെ ഉത്സവങ്ങൾ ആഘോഷങ്ങൾ,<br>* കലാരൂപങ്ങളുടെ കൊളാഷ്<br>* പതിപ്പ് (ഓണവുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ, കളികൾ) | ഒക്ടോബർ - നവംബർ |

# ACADEMIC MASTER PLAN - ENGLISH

STD-IV

| Aim | Activity | Time | Task. |
| --- | --- | --- | --- |
| · To enable learners to read and speak English effectively. | · Participates in Hello English Activities, Games, | | |
| | · Listening to English stories [use of ICT]. and Retelling the story | | |
| | · Participation in Class Assembly. | Once in a month. | |
| | · English Theatre | Once in a week. | |
| | · Class room activity [Skit, Drama, Conversation. Role-play, Choreography] | | |
| · To enrich creative thinking in learners. | · English magazine. (class wise) Includes the creative writings of children | | |

| Aim | Activities | Time |
| --- | --- | --- |
| | and prepares a class magazine | Once in three months. |
| · To improve the writing skills in learners. | · Writing competitions. Various writing competitions, like poetry writing, story writings are held in connection with day celebration. | Every month. |
| | · Class room Activity. · Picture Description, writing conversation, Add more lines<br>* Creative Space - Story writing<br>* Diary entry<br>* writing letter to friends | |
| * To improve handwriting. | * Copywriting. | Every day. |
| | * Preparing poster, Notice etc related to day Celebration | Each month |

| Aim | Activities | Time | |
|---|---|---|---|
| To improve the reading skills. | Reading corner.<br>* Class library<br>Preparing a reading corner according to the children's level.<br>Provide reading time and prepares reading notes.<br>* Reading competitions and presentation of creative activities.<br>* News paper reading.<br>* Reading news head lines in Radio Voice - daily.<br>* Text based activities | June to March. | |
| * To enable students to understand the richness of English languag. | * English Fest. | February. | |

Sneha.R.S
IV

# അക്കാദമിക മാസ്റ്റർപ്ലാൻ 2025-26
## IV - മലയാളം

### ആമുഖം

2025-26 അധ്യയന വർഷത്തിലെ നാലാം ക്ലാസിൽ പഠിക്കുന്ന മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും തുല്യതയും ഗുണനിലവാരവും ഉള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ മാർഗരേഖ. കുട്ടികളിലുണ്ടായ പഠനവിടവുകൾ നികത്തുക, പഠനപ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യമാക്കുക, സ്വയം പങ്കെടുക്കൽ മനോഭാവം വളർത്തുക, സ്വയം വിലയിരുത്തൽ, പരസ്പരം വിലയിരുത്തൽ, പഠനപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുക തുടങ്ങിയവയെല്ലാം ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

### ലക്ഷ്യങ്ങൾ

1. മികച്ച ഭാഷയിൽ എഴുതാനും ഒഴുക്കോടെ സ്വതന്ത്രവായന നടത്താനും കൃത്യമായ സന്ദർഭങ്ങളിൽ ഭാഷാശേഷി പ്രയോഗിക്കാനും പ്രാപ്തി നേടുക.

2. കുട്ടികളിൽ സംഘപ്രവർത്തനങ്ങൾ, കളികൾ എന്നിവയിലൂടെ സാമൂഹിക ബോധം, സംഘബോധം, പങ്കിടൽ

3. ബാലസാഹിത്യകൃതികൾ വായിച്ച് ആസ്വദിക്കുന്നു. രചനാപരിച ഉറപ്പുവരുത്തുന്നു. മറ്റ് വ്യവഹാരരൂപങ്ങളിലേക്ക് പുനരാവിഷ്കരിക്കുന്ന

സന്ദർഭത്തിനനുസരിച്ച് സംഭാഷണം, കത്ത് തുടങ്ങിയ വ്യവഹാര രൂപങ്ങളിൽ ആശയങ്ങൾ അവതരിപ്പിക്കുന്നു

ആശയവ്യക്തതയോടെ ക്രമാനുക്രമത്തോടെ സർഗ്ഗാത്മക രചനകൾ (കഥ, കവിത, യാത്രാവിവരണം എന്നിവ) നടത്തുന്നു.

## പ്രവർത്തനങ്ങൾ

### ജൂൺ

പാഠം 1 : ചിറകുവിരിച്ച്

- കവിതയുടെ ആശയം (ചിറകുള്ള ബസ്)
- പഴഞ്ചൊല്ലിന്റെ ആശയം
- സംഭാഷണം
- പിരിച്ചെഴുത്ത്
- അഭിനന്ദനമൊരു കത്ത്
- ഡയറി
- കവിത താളമിട്ടു ചൊല്ലൽ

### ജൂലൈ

- ആശയങ്ങൾ ഉൾക്കൊള്ളുന്ന വരികൾ, കവിതയുടെ ആശയം, വാക്കുകളും പ്രയോഗങ്ങളും, പിരിച്ചെഴുത്ത്, ചേർത്തെഴുത്ത്, വാക്യങ്ങളിൽ നിന്ന് വരികൾ, ഡയറി (കാത്തിരിപ്പ്)
- ചിഹ്നങ്ങൾ ചേർത്തെഴുതിയത്, പിരിച്ചെഴുത്ത്, ചേർത്തെഴുത്ത്, ചോദ്യോത്തരങ്ങൾ, യാത്രാവിവരണം (നീലഗിരിയുടെ റാണി)
- രചനാശേഖരം
- വാക്യങ്ങളിൽ നിന്ന് വരികൾ
- യാത്രാവിവരണം.

## ജൂലൈ - ആഗസ്റ്റ്

- സ്വന്തം ഇഷ്ടം സൂചിപ്പിക്കുന്ന വാക്യരചന (ഇഷ്ടം)
- വരികൾ വേർതിരിച്ചെഴുതിയത്
- വിളികേട്ട് വന്നവർ - ക്രോഡീകരണം
- ഭീരുക്കളിലും കവിതയും - താരതമ്യക്കുറിപ്പ്
- ഡയറി (മൂഡം അത്ര നല്ല കാര്യമല്ല)
- കവിതയിൽ നിന്ന് ചിത്രം - ചിത്രരചന
- ആനയുടെ കണ്ണ് (പാവ ജീവനുള്ളതാകുന്നു)
- എന്റെ പട്ടം - വിവരണം എഴുതുന്നു
- രചനാപരിചയക്കുറിപ്പ് - (മൂഡം അത്ര നല്ല കാര്യമല്ല)
- ഭാവാത്മക വായന (ഇഷ്ടം, മൂഡം അത്ര നല്ല കാര്യമല്ല)
- കവിത താളമിട്ട് ചൊല്ലൽ

## ആഗസ്റ്റ്

- കവിതയിലെ പ്രയോഗങ്ങൾ
- സന്തോഷം സൂചിപ്പിക്കുന്ന പ്രയോഗങ്ങൾ - സ്വയം നിർമ്മിച്ചത്
- ജീവചരിത്രക്കുറിപ്പ് (നക്ഷത്രങ്ങളിലേക്ക് മിഴിതുറന്ന ഒരാൾ)
- എന്റെ രചന - വരികൾ (തത്ത തിന്ന)
- ഭാവാത്മക വായന
- കവിത താളമിട്ട് ചൊല്ലൽ
- 

H

## സെപ്റ്റംബർ

- കവിതയുടെ ആശയം
- താരതമ്യക്കുറിപ്പ് (ഞങ്ങളുണ്ട്, ഓട്ട് പറഞ്ഞത്)
- കവിതയിൽ നിന്ന് വരച്ച ചിത്രങ്ങൾ, അക്ഷരവും വാക്കും ആവർത്തിക്കുന്ന വരികൾ, ചേർത്തെഴുത്ത്, പിരിച്ചെഴുത്ത്
- സ്വയം എഴുതിതയ്യാറാക്കിയ കഥ
- കവിതയുടെ ആശയം വാക്യങ്ങളിലാക്കുക
- രചനാപരിചയക്കുറിപ്പ് (ഓട്ട് പറഞ്ഞത്)
- സങ്കല്പ വിദ്യാലയം – വിവരണം

## ഒക്ടോബർ – നവംബർ

- കത്ത്, പത്രവാർത്ത
- പുതിയ വാക്കുകൾ, പ്രയോഗങ്ങൾ
- സംവാദം – ക്രോഡീകരണം (മണിയച്ചന്റെ മഴു)
- പ്രകൃതിയുടെ നാശം (കവിതാരചന)
- കവിതയ്ക്ക് ചേർന്ന ചിത്രം വരയ്ക്കൽ
- കത്ത്, നോട്ടീസ്, പത്രവാർത്ത
- കവിത താളമിട്ട് ചൊല്ലൽ (മണിയച്ചന്റെ മഴു)
- കത്ത് – ഭാവാത്മകവായന (കാന്താരിക്കുട്ടിയും, കൂട്ടുകാരും)
- പത്രവാർത്ത വായന, പ്രസംഗം, റോൾപ്ലേ (കാന്താരിക്കുട്ടിയും കൂട്ടുകാരും)
- സംവാദം (മണിയച്ചന്റെ മഴു)

# ഗണിതം

Std. IV
ഗണിതം

അക്കാദമിക് മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതലകൾ |
|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ (പഠന പ്രക്രിയ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ. | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ. |
| | മൂല്യനിർണയം (ഉത്തരവും പാട്ടും, ഡയസ് കളി, സങ്കലനം വ്യവകലനം, കച്ചവടകളി. | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ - മഹാപഠന കേളി വിനോദം. | ഒറിഗാമിയിലൂടെ പഠനം. | വർഷത്തിലൊരിക്കൽ (ഒഴിവു സമയത്ത്) | Cls. Teacher |
| | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം. | | |
| ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ. | ഗണിത ലാബ്. | വർഷം മുഴുവൻ | HM, SRG, Cls. Teacher. |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | ഗണിതച്ചുമർ | വർഷം മുഴുവൻ | Cls. Teacher. |